ഭരണഭാഷ-മാതൃഭാഷ

## ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്ത് 2014 - 2015, 2015 - 2016 അധ്യയന വർഷങ്ങളിൽ പുതുതായി അനുവദിച്ച ഹയർസെക്കന്ററി സ്കൂളുകൾക്കും അധിക ഹയർസെക്കന്ററി ബാച്ചുകൾക്കും വിഷയ കോമ്പിനേഷൻ മാറ്റി അനുവദിച്ച് - ഉത്തരവാകുന്നത് - സംബന്ധിച്ച്

---

എസിഡി.സി3/16830/എച്ച്.എസ്.ഇ തീയതി : 18.05.2015

---

പരാമർശം : 1) സ.ഉ(കൈ) 247/14/പൊ.വി തീയതി 24.11.2014

2) ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 09.03.2015 തീയതിയിലെ എസിഡി.സി3/16830/13/എച്ച്.എസ്.ഇ നമ്പർ ഉത്തരവ്

3) സ.ഉ(ആർ.റ്റി) നമ്പർ 1707/2015/പൊ.വി.വ തീയതി 07.05.2015

4) വിവിധ സ്കൂൾ അധികാരികൾ ബാച്ച്മാറ്റത്തിനായി സമർപ്പിച്ച അപേക്ഷകൾ.

സൂചന (1) പ്രകാരം സംസ്ഥാനത്ത് പുതുതായി അനുവദിച്ച ഹയർസെക്കന്ററി സ്കൂളുകൾക്കും അധിക ബാച്ചുകൾക്കും സൂചന (2) പ്രകാരം വിഷയ കോമ്പിനേഷനുകൾ അനുവദിച്ച് ഉത്തരവായിരുന്നു. ഇപ്രകാരം അനുവദിച്ച് കിട്ടിയ വിഷയ കോമ്പിനേഷനുകളും ഉപഭാഷയും പ്രാദേശികമായ ആവശ്യകതയുടെ അടിസ്ഥാനത്തിൽ മാറ്റി അനുവദിക്കണമെന്ന് ചില സ്കൂൾ അധികാരികൾ ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത അപേക്ഷകളിന്മേൽ വിശദമായ പരിശോധനയ്ക്കുശേഷം പുതുതായി ആവശ്യപ്പെട്ടിരിക്കുന്ന വിഷയ കോമ്പിനേഷനുകൾ പ്രസ്തുത സ്കൂൾ അധികാരികൾ, സ്കൂൾ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നവയാണ് എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വിഷയ കോമ്പിനേഷനുകൾ മാറ്റി അനുവദിച്ച് ഉത്തരവാകുന്നു. അതോടൊപ്പം സൂചന (3) പ്രകാരം 2015 - 16 അദ്ധ്യയന വർഷം മുതൽ അനുവദിച്ച പി.കെ.എച്ച്.എസ്.എസ്സ് മണ്ണപ്രാ, പാലക്കാട് ജില്ലയിലെ കൊമേഴ്സ് ബാച്ച് (കോഡ് നമ്പർ 37), കൊമേഴ്സ് (കോഡ് നമ്പർ 39) ആക്കി മാറ്റി അനുവദിക്കണമെന്ന ടി സ്കൂൾ മാനേജരുടെ അപേക്ഷ പരിഗണിച്ച് പ്രസ്തുത മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | അദ്ധ്യയന വർഷം | നിലവിൽ അനുവദിച്ച ബാച്ച്/ഭാഷ | മാറ്റി അനുവദിച്ച ബാച്ച്/ഭാഷ |
|---|---|---|---|---|
| 1 | HSS Koothattukulam, Ernakulam | 2015 – 2016 | 05 | 01 |
| 2 | Mar Augustin's HSS, Thuravur, Ernakulam | 2015 – 2016 | 11, 39 | 01, 39 |
| 3 | SNV HSS Aloor, Thrissur | 2015 – 2016 | 11 | 01 |
| 4 | Dr.K.B.Menon Memorial HSS, Thrithala, Palakkad | 2015 – 2016 | 01 | 39 |
| 5 | Koothuparamba, HSS, Kannur | 2015 – 2016 | 05, 11 | 01, 11 |
| 6 | St.Josephs HSS, Vilakumadom, Kottayam | 2015 – 2016 | Hindi | Syriac |
| 7 | St.Paul's HSS Valiakumaramangalam, Kottayam | 2015 – 2016 | Hindi | Syriac |
| 8 | PKHSS Mannapra, Palakkad | 2015 – 2016 | 37 | 39 |

(ഒപ്പ്)
കെ.എൻ.സതീഷ് ഐ.എ.എസ്
ഡയറക്ടർ

പകർപ്പ്

1. ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പാൾ/മാനേജർ
2. ഗവൺമെന്റ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
3. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം/കോട്ടയം/എറണാകുളം/മലപ്പുറം/കോഴിക്കോട്/കണ്ണൂർ
4. സി.എ റ്റു സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. സി.എ റ്റു സീനിയർ ഫിനാൻസ് ഓഫീസർ
6. സി.എ റ്റു ജോയിന്റ് ഡയറക്ടർ (പരീക്ഷാ വിഭാഗം)
7. കോർഡിനേറ്റർ, ഐ.സി.റ്റി സെൽ
8. കരുതൽ / അധികം

അംഗീകാരത്തോടെ,

സൂപ്രണ്ട്

23/Jay/18.05.15